പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5037 04-07-2012 ൽ മറുപടിക്ക്**

**ആരാധനാലയങ്ങളുടെ നിർമ്മാണം**

**ചോദ്യം**

ശ്രീ. പി. റ്റി. എ. റഹീം

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വകുപ്പ് മന്ത്രി)

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാഭരണകൂടത്തിന്റെ മുൻകൂർ അനുമതി വേണമെന്ന് 2005 ൽ ആഭ്യന്തര വകുപ്പ് വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) ആരാധനാലയ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്ന വ്യവസ്ഥകൾ നീക്കംചെയ്യാൻ തയ്യാറാകുമോ;

(ബി) വർഗീയ സംഘർഷങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും മതസൌഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2005- ൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 23- ൽ ആരാധനാലയങ്ങളുടെ നിർമ്മാണം വികസനം, കൂട്ടിച്ചേർക്കൽ എന്നിവയ്ക്ക് ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമെ ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകാവൂ എന്ന് പഞ്ചായത്ത്-മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും വ്യവസ്ഥചെയ്തിട്ടുണ്ട്. വർഗീയ ചേരിതിരിവുകളും സംഘർഷങ്ങളും നിലനിൽക്കുന്ന പല പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സംസ്ഥാനത്ത് ഇത്തരം വ്യവസ്ഥകൾ നീക്കം ചെയ്യുന്നത് ഒട്ടും അഭികാമ്യമല്ലാത്തതിനാൽ ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി നേടണം എന്ന വ്യവസ്ഥ നീക്കം ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) 2005- ൽ ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് ഇറക്കിയ ഗൈഡ്‌ലൈനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി) ഗൈഡ്‌ലൈനിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**